©
കേരള സർക്കാർ
Government of Kerala
2024

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| വാല്യം 13<br>Vol. XIII | തിരുവനന്തപുരം,<br>വ്യാഴം<br>Thiruvananthapuram,<br>Thursday | 2024 ജൂലൈ 25<br>25th July 2024<br>1199 കർക്കടകം 10<br>10th Karkadakam 1199<br>1946 ശ്രാവണം 3<br>3rd Sravana 1946 | നമ്പർ<br>No. 2388 |

## ചിറ്റൂർ തത്തമംഗലം നഗരസഭ
## വിജ്ഞാപനം

**E2/649278-2024** *2024 ജൂലായ് 24*

ബഹു തദ്ദേശ്ശ സ്വയംഭരണ (ആർഡി) വകുപ്പിൻറെ 25-06-2024 സ.ഉ. (കൈ) 75/2024/LSGD ഉത്തരവ് പ്രകാരം - ചിറ്റൂർ തത്തമംഗലം നഗരസഭയുടെ കരട് മാസ്റ്റർ പ്ലാനിന് പ്രസിദ്ധീകരണാനുമതി നൽകി ഉത്തരവായിട്ടുള്ളതാണ്. 2016 ലെ കേരളനഗരഗ്രാമാസൂത്രണ ആക്ടിൻറെ 36ാം വകുപ്പ് (4) ഉപവകുപ്പ് വ്യവസ്ഥ ചെയ്തിരിക്കുന്നത് പ്രകാരം ചിറ്റൂർ തത്തമംഗലം നഗരസഭ പ്രദേശത്തിന് വേണ്ടിയുള്ള കരട് മാസ്റ്റർ പ്ലാൻ പ്രസിദ്ധീകരിക്കുന്നതിനുള്ള ഉദ്ദേശ്യം ഫോറം 4 ൽ ഇതിനാൽ വിജ്ഞാപനം ചെയ്യുന്നു.

(ഒപ്പ്)
*സെക്രട്ടറി*

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

**ഫാറം-I V**

[2021- ലെ കേരള നഗര ചട്ടങ്ങളിലെ ഗ്രാമാസൂത്രണ ( മാസ്റ്റർ പ്ലാനിന്റെ രൂപീകരണവും അനുമതി നൽകലും ) - ചട്ടങ്ങളിലെ ചട്ടം 19(2) കാണുക ]

**ചിറ്റൂർ തത്തമംഗലം മുനിസിപ്പൽ കൗൺസിൽ**

2016 – ലെ കേരള നഗര – ഗ്രാമാസൂത്രണ ആക്റ്റ് (2016 ലെ 9) 36-ാം വകുപ്പിന്റെ 4-ാം ഉപവകുപ്പ് പ്രകാരം കരട് മാസ്റ്റർ പ്ലാൻ പ്രസിദ്ധീകരിച്ചത് സംബന്ധിച്ചുള്ള നോട്ടീസ്

താഴെ പറയുന്ന അതിരുകളോടു കൂടിയ തദ്ദേശാസൂത്രണ പ്രദേശത്തിന്റെ കരട് മാസ്റ്റർ പ്ലാൻ ചിറ്റൂർ - തത്തമംഗലം മുനിസിപ്പൽ കൗൺസിൽ പരിഷ്കരണങ്ങളോടുകൂടി സ്വീകരിച്ചത്, ചിറ്റൂർ - തത്തമംഗലം മുനിസിപ്പൽ കൗൺസിലിന്റെ ഔദ്യോഗിക വെബ് സൈറ്റായ https://lsgkerala.gov.in ൽ 2016-ലെ കേരള നഗര – ഗ്രാമാസൂത്രണ ആക്റ്റിന്റെ (2016-ലെ 9) 36-ാം വകുപ്പ് 4-ാം ഉപവകുപ്പ് പ്രകാരം പ്രസിദ്ധീകരിച്ചിട്ടുണ്ടെന്ന് ഇതിനാൽ വിജ്ഞാപനം ചെയ്യുന്നു.

വടക്ക് : പെരുവെമ്പ്, പൊൽപ്പുള്ളി പഞ്ചായത്തുകൾ
കിഴക്ക് : നല്ലേപ്പിള്ളി പഞ്ചായത്ത്
തെക്ക് : പട്ടഞ്ചേരി, പെരുമാട്ടി പഞ്ചായത്തുകൾ
പടിഞ്ഞാറ് : പെരുവെമ്പ്, പുതുനഗരം പഞ്ചായത്തകൾ

കരട് മാസ്റ്റർ പ്ലാൻ പ്രദേശത്ത് നിലവിലുള്ള വിശദനഗരാസൂത്രണ പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ

(എ) അംഗീകരിച്ച വിശദ നഗരാസൂത്രണപദ്ധതികൾ : ഒന്നുമില്ല

(ബി) പ്രസിദ്ധീകരിച്ച വിശദ നഗരാസൂത്രണ പദ്ധതികൾ : ഒന്നുമില്ല

(സി) മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തി റദ്ദാക്കാൻ ഉദ്ദേശിക്കുന്ന വിശദ നഗരാസൂത്രണ പദ്ധതികൾ : ഒന്നുമില്ല

(ഡി) നിലനിർത്തുന്ന വിശദ നഗരാസൂത്രണ പദ്ധതികൾ : ഒന്നുമില്ല

കരട് മാസ്റ്റർ പ്ലാനിന്റെ പകർപ്പ് പ്രവൃത്തി സമയത്ത് പൊതുജനങ്ങൾക്ക് പരിശോധനയ്ക്കായി ചിറ്റൂർ - .തത്തമംഗലം മുനിസിപ്പൽ കൗൺസിൽ ഓഫീസിലും ലഭ്യമാണ്

പ്ലാനിൽ താൽപര്യമുള്ള ഏതൊരാൾക്കും ഇതു സംബന്ധിച്ച ആക്ഷേപങ്ങളും അഭിപ്രായങ്ങളും പ്രസിദ്ധീകരണം സംബന്ധിച്ച നോട്ടീസ് ഔദ്യോഗിക ഗസറ്റിൽ വന്ന തീയതി മുതൽ 60 - ദിവസത്തിനകം ചിറ്റൂർ .തത്തമംഗലം മുനിസിപ്പൽ കൗൺസിൽ സെക്രട്ടറിക്ക് രേഖാമൂലം എഴുതി നൽകാവുന്നതാണ്.

2016 -ലെ കേരള നഗര ഗ്രാമാസൂത്രണ ആക്റ്റ് –(2016 ലെ 9) 61ാം വകുപ്പ് പ്രകാരം ബാധകമായ - നിയന്ത്രണങ്ങൾക്കനുസൃതമല്ലാതെ യാതൊരാളും ഏതെങ്കിലും ഭൂമിവിനിയോഗിക്കുകയോ വിനിയോഗിക്കുവാൻ ഇടയാക്കുകയോ ഏതെങ്കിലും ഭൂവികസനം നടപ്പാക്കുകയോ ഭൂവിനിയോഗത്തിന് മാറ്റം വരുത്തുകയോ ചെയ്യുവാൻ പാടുള്ളതല്ല.

സെക്രട്ടറി ചെയർപേഴ്സൺ

സ്ഥലം : ചിറ്റൂർ

തീയ്യതി :24-07-2024

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2024

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2024.07.25 02:05:51 +05:30